# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 24/06/ 2019

# കൊല്ലം സിറ്റി പോലീസ് കലാമേള ആരംഭിച്ചു

കൊല്ലം : കൊല്ലം സിറ്റി പോലീസിന്റെ ആഭിമുഖ്യത്തിൽ പോലീസ് കലാമേള ആരംഭിച്ചു. നീണ്ട 23 വർഷങ്ങൾക്ക് ശേഷമാണ് പോലീസ് കലാമേള നടക്കുന്നത്.




“നൂപൂരം 2019” എന്ന പേരിൽ 24, 25 തീയതികളിൽ കൊല്ലം സോപാനം ആഡിറ്റോറിയത്തിൽ (വിഷ്ണുപ്രസാദ് നഗർ) നടത്തുന്ന കലാമേളയിൽ ജില്ലാ പോലീസ്, മിനിസ്റ്റീരിയൽ ജീവനക്കാർ, കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് വിവിധ കലാ പരിപാടികൾ നടത്തുന്നത്. മൽസരവിജയികൾ പിന്നീട് നടത്തുന്ന സംസ്ഥാന പോലീസ് കലാമേളയിൽ പങ്കെടുക്കും.

24.06.2019 ൽ നടന്ന കലാമേളയുടെ ഉത്ഘാടനം ശ്രീ. എം നൗഷാദ് എം എൽ എ നിർവ്വഹിച്ചു. സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി മെറിൻ ജോസഫ് ഐപിഎസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലയിലെ പ്രമുഖ പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

25.06.2019 ൽ ശ്രീമതി മെറിൻ ജോസഫ് ഐപിഎസ് അദ്ധ്യക്ഷത വഹിക്കുന്ന സമാപന സമ്മേളനത്തിൽ ആരാധ്യനായ കൊല്ലം മേയർ അഡ്വ. ഒി രാജേന്ദ്ര ബാബു ഉത്ഘാടനവും സമ്മാനദാനവും നിർവ്വഹിക്കും.